**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *222** — **17.08.2017- ൽ മറുപടിക്ക്**

## ആവാസ് ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി<br>,, എസ്.ശർമ്മ<br>,, പി.ടി.എ. റഹീം<br>,, പി. ഉണ്ണി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് ഗുണഭോക്താക്കൾ പ്രീമിയമോ മറ്റെന്തെങ്കിലും തുകയോ നൽകേണ്ടതുണ്ടോ; | (എ) ഇല്ല. |
| (ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങളുടെ പരിരക്ഷ ഉറപ്പാക്കാനായി പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഉണ്ട്. ഇതര സംസ്ഥാനക്കാരായ തൊഴിലാളികൾക്ക് ഇതരസംസ്ഥാന തൊഴിലാളി നിയമം 1979, ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് 1996, കരാർ തൊഴിലാളി നിയമം 1970 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള സംരക്ഷണം ലഭിക്കേണ്ടതുണ്ട്. കേരളത്തിൽ ജോലിചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് നിയമപരമായ അവകാശങ്ങളെക്കുറിച്ചും സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങളെക്കുറിച്ചും വിവരങ്ങൾ നൽകുവാനും ആവാസ് പദ്ധതിയുടെ ഗുണഫലങ്ങളെക്കുറിച്ചും സംശയനിവാരണത്തിനും കൂടാതെ ടി തൊഴിലാളികളുടെ ദൈനംദിന/തൊഴിൽ പരമായ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് ആയതിന്മേൽ പ്രശ്ന പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും സഹായകരമായ രീതിയിൽ ജില്ലകൾതോറും ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് മിതമായ നിരക്കിൽ വൃത്തിയുള്ള വാസസ്ഥലം നൽകുന്നതിനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ? | കേരളത്തിൽ ജോലിചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് വൃത്തിയുള്ളതും സുരക്ഷിതവുമായ പാർപ്പിടം ലാഭേച്ഛയില്ലാതെ പ്രതിമാസ വാടക ഈടാക്കി നൽകുന്നതിനുവേണ്ടി തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ, ഭവനം ഫൗണ്ടേഷൻ കേരള, പണിത് നൽകുന്ന പാർപ്പിട |

പദ്ധതിയാണ് ''അപ്ലാഘർ''. ഇതിന്റെ ആദ്യഘട്ടം പാലക്കാട്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. പ്രസ്തുത പദ്ധതി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലും തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ